ധോണിക്കെതിരായ കേസ് തള്ളി

ന്യൂഡൽഹി : ഒരു മാഗസിൻ ഹിന്ദുദേവനായ വിഷ്ണുവിന്റെ ചിത്രത്തിൽ ധോണിയുടെ മുഖം മോർഫ് ചെയ്ത് നൽകിയതുമായി ബന്ധപ്പെട്ട് മഹേന്ദ്രസിംഗ് ധോണിക്കെതിരായ ക്രിമിനൽ കേസ് സുപ്രീം കോടതി തള്ളി. ധോണി ഉദ്ദേശത്തോടെ ചെയ്തതാണ് ഇതെന്ന് കരുതാനാവില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി. ഹിന്ദുമത വിശ്വാസികളുടെ വികാരം വ്രണപ്പെടുത്തി എന്നാരോപിച്ച് അനന്തപൂരിലെ വിശ്വഹിന്ദു പരിഷത്ത് നേതാവാണ് കേസ് നൽകിയിരുന്നത്.

ബൈബൈ, ബാഴ്സലോണ

● യുവന്റസിനെതിരായ ചാമ്പ്യൻസ് ലീഗ് രണ്ടാംപാദ ക്വാർട്ടറിൽ ഗോൾരഹിത സമനില വഴങ്ങിയ ബാഴ്സലോണ സെമി കാണാതെ പുറത്ത്

0-0

മാഡ്രിഡ്: അത്ഭുതങ്ങൾ എല്ലായ്പ്പോഴും സംഭവിക്കാറില്ല. ചാമ്പ്യൻസ്‌ലീഗ് പ്രീക്വാർട്ടറിലെ അത്ഭുത വിജയം ക്വാർട്ടറിൽ ബാഴ്സലോണയ്ക്ക് ആവർത്തിക്കാനുമായില്ല. ഇറ്റാലിയൻ ക്ലബ് യുവന്റസിനോട് രണ്ടാംപാദ ക്വാർട്ടറിൽ ഗോൾ രഹിത സമനിലയിൽ പിരിഞ്ഞതോടെ ലയണൽ മെസിയും സംഘവും സെമിഫൈനലിലെത്താതെ പുറത്തായി.

യുവന്റസിന്റെ തട്ടകത്തിൽ നടന്ന ആദ്യപാദ ക്വാർട്ടർ മത്സരത്തിൽ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് തോറ്റതിന്റെ കുറവ് പരിഹരിക്കാൻ കഴിഞ്ഞരാത്രി സ്വന്തം മൈതാനമായ കാംപ്നൗവിലിറങ്ങിയ ബാഴ്സയെ ഗോളടിക്കാൻ അനുവദിക്കാതെ തടുത്തുനിറുത്തിയാണ് ജിയാൻ ലൂഗി ബഫൺ നയിച്ച ഇറ്റാലിയൻ ക്ലബ് അവസാന നാലിലേക്ക് കാലെടുത്തുവച്ചത്.

ഫ്രഞ്ച്ക്ലബ്പാരീസ്എസ്.ജിക്കുഎതിരെഎവേ മാച്ചിൽ 4-0 ത്തിന്റെ തോൽവി ഏറ്റുവാങ്ങിയതിനുശേഷം ഹോം മാച്ചിൽ 6-1ന് ജയിച്ച്6-5 എന്ന മാർജിനിലാണ് ബാഴ്സ ക്വാർട്ടർ ഫൈനലിലേക്ക് എത്തിയിരുന്നത്. ആ അത്ഭുത വിജയം ആവർത്തിക്കാമെന്ന ബാഴ്സലോണ ആരാധകരുടെ മോഹങ്ങൾക്ക് മേലേയാണ് യുവന്റസിന്റെ പിഴവുകളില്ലാത്ത പ്രതിരോധം കെട്ടുറപ്പോടെ നിന്നത്. മെസി, നെയ്മർ, സുവാരേസ് എന്നിവരടങ്ങിയ ബാഴ്സലോണ മുന്നേറ്റത്തെ ക്രിയാത്മകമായി പ്രതിരോധിക്കുകയായിരുന്ന കെല്ലിനിയും കൂട്ടരും. സ്വതസിദ്ധമായ ശൈലിയിൽ എതിർ ഡിഫൻസിനെ കബളിപ്പിച്ച് നഴഞ്ഞുകയറാറുള്ള മെസിക്ക് പോലും ഇന്നലെ നിരാശപ്പെടേണ്ടിവന്നു. ഇരുപകുതികളിലുമായി മെസിക്ക് ഓരോ അവസരംവീതം ലഭിച്ചെങ്കിലും പ്രയോജനപ്പെടുത്താനായില്ല. ആദ്യപകുതിയിൽ ക്ലോസ് റേഞ്ചിൽ നിന്നൊരു ഷോട്ടാണ് മെസി പുറത്തേക്ക്അടിച്ചകളഞ്ഞത്. മത്സരത്തിലൊട്ടാകെ ബാഴ്സ 19 ഷോട്ടുകൾ തൊടുത്തപ്പോൾ അതിലൊന്നുമാത്രമാണ് യുവന്റസ് ഗോളി ബഫണിന് നേർക്കുണ്ടായിരുന്നത്.

മത്സരത്തിന്റെ തുടക്കത്തിൽ തന്നെ മെസിയുടെ ഒരു ശ്രമം പുറത്തേക്കുപോകുന്നതാണ് കണ്ടത്. സുവാരേസും നെയ്മറും ചേർന്ന് വീണ്ടും മെസിക്ക് പന്തെത്തിക്കാൻ ശ്രമിച്ചെങ്കിലും ബഫണിന്റെ സേവിന് മുന്നിൽ അത് നിഷ്ഫലമായി. ആദ്യപകുതിയിൽ യുവന്റസിനും സ്കോർ ചെയ്യാൻ നല്ലൊരു ചാൻസ് ലഭിച്ചിരുന്നു. അവസാന സമയത്ത്പ്രതിരോധത്തിൽനിന്ന്പിക്വെ വരെ മുന്നോട്ടറിങ്ങിയെങ്കിലും ബാഴ്സയ്ക്ക് ഗോൾ നേടാനായില്ല.

■ വൻ വീഴ്ച
മത്സരത്തിനിടെ ഹെഡറിനായി ഉയർന്നുചാടിയ ലയണൽ മെസി ഗ്രൗണ്ടിൽ മുഖമിടിച്ച് വീണപ്പോൾ

- 2012/13 സീസണിന് ശേഷം ഇതാദ്യമായാണ് ബാഴ്സലോ ചാമ്പ്യൻസ് ലീഗ് നോക്കൗട്ട് റൗണ്ടിൽ ഇരുപാദങ്ങളിലും ഗോളടിക്കാതെയിരിക്കുന്നത്. 2012/13 ൽ ബയേൺ ഇരുപാദങ്ങളിലുമായി 7-0 ത്തിനാണ് ബാഴ്സയെ തോൽപ്പിച്ചിരുന്നത്.
- 2004/05 സീസണിന് ശേഷം ബാഴ്സ തുടർച്ചയായ സീസണുകളിൽ ചാമ്പ്യൻസ് ലീഗ് സെമി കാണാതിരിക്കുന്നത് ഇതാദ്യമായാണ്.
- ഹോംഗ്രൗണ്ടിലെ എല്ലാ ചാമ്പ്യൻസ് ലീഗ് മത്സരങ്ങളിലും ജയിച്ചിരുന്ന ബാഴ്സ കോച്ച് ലൂയിസ് എൻറിക്വെയുടെ പതിവും തെറ്റി.
- ബഫൺ ചാമ്പ്യൻസ് ലീഗിൽ ഗോൾ വഴങ്ങാത്ത 46-ാമത്തെ മത്സരമായിരുന്നു ഇത്. കസിയസ് (54), വാൻഡർസർ (50), പീറ്റർ ചെക് (47) എന്നിവർ മാത്രമേ ഇക്കാര്യത്തിൽ ബഫണിന് മുന്നിലുള്ളൂ.
- ഈ സീസണിൽ യുവന്റസ് നിശ്ചിത സമയത്ത് പെനാൽറ്റിയിൽ നിന്നല്ലാതെ ഇതുവരെയും ഗോൾ വഴങ്ങിയിട്ടില്ല.

മൊണോക്കോ മിടുമിടുക്കന്മാർ

ബൊറൂഷ്യയെ രണ്ടാം പാദത്തിലും തോൽപ്പിച്ച് എ.എസ് മൊണാക്കോ ചാമ്പ്യൻസ് ലീഗ് സെമിയിൽ

3-1

- ചാമ്പ്യൻസ് ലീഗിന്റെ രണ്ടാം പാദ ക്വാർട്ടറിൽ ബൊറൂഷ്യ ഡോർട്ട്മുണ്ടിനെ ഒന്നിനെതിരെ മൂന്ന ഗോളുകൾക്ക് തോൽപ്പിച്ച് ഫ്രഞ്ച് ക്ലബ് എ.എസ് മൊണാക്കോ സെമിയിലെത്തി.
- ആദ്യ പാദത്തിൽ മൊണാക്കോ 3-2ന് ജയിച്ചിരുന്നു. 6-3 എന്ന മാർജിനിലാണ് മൊണാക്കോയുടെ സെമി പ്രവേശനം.
- രണ്ടാംപാദത്തിൽ എംബാപ്പേ, ഫൽക്കാവു ജെർമെയ്ൻ എന്നിവരാണ് മൊണാക്കോയ്ക്ക് വേണ്ടി ഗോൾ നേടിയത്. മാർക്കോ റിയൂസ് ബൊറൂഷ്യയുടെ ആശ്വാസ ഗോൾ നേടി.
- ആദ്യപാദ ക്വാർട്ടർ മത്സരത്തിന് മുമ്പ് ബൊറൂഷ്യയുടെ ടീം ബസിന് നേരെ സ്ഫോടനമുണ്ടായിരുന്നു.
- റയൽ മാഡ്രിഡ്, യുവന്റസ്, അത്ലറ്റിക്കോ മാഡ്രിഡ്, മൊണാക്കോ എന്നിവരാണ് ഇക്കുറി സെമിയിലെത്തിയിരിക്കുന്നത്.

യുവന്റസ് ടീം വിജയമാഘോഷിക്കുമ്പോൾ വിഷമിച്ചമടങ്ങുന്ന ബാഴ്സ താരം ജെറാഡ് പിക്വെ.

നെയ്മറെ ആശ്വസിപ്പിക്കുന്ന ഡാനി ആൽവ്സ്

കെല്ലിനിയും സുവാരേസും മത്സരത്തിന് ശേഷം

മെസി കളി പൂർത്തിയാക്കി നിരാശയോടെ മടങ്ങുന്നു

യുവന്റസ് താരങ്ങൾ ആരാധകർക്ക് വിജയാഭിവാദ്യം അർപ്പിക്കുന്നു

സിന്ധു മൂന്നാം റാങ്കിൽ

ന്യൂഡൽഹി : ഇന്ത്യൻ വനിതാ താരം പി.വി. സിന്ധു ബാഡ്മിന്റൺ വേൾഡ് ഫെഡറേഷൻ റാങ്കിംഗിലെ മൂന്നാം സ്ഥാനത്തേക്ക് ഉയർന്നു. കഴിഞ്ഞവാരം അഞ്ചാം സ്ഥാനത്തായിരുന്ന സിന്ധു. അതിനുമുമ്പുള്ള വാരം കരിയർ ബെസ്റ്റായ രണ്ടാം റാങ്കിലെത്തിയിരുന്നു. ഈ വാരം സൈന നെഹ്‌വാൾ ഒൻപതാം റാങ്കിൽ നിന്ന് എട്ടാം സ്ഥാനത്തേക്ക് എത്തി. പുരുഷ വിഭാഗത്തിൽ ഇന്ത്യൻ താരങ്ങളായ കെ. ശ്രീകാന്തും സായ്പ്രണീതും യഥാക്രമം 21, 22 റാങ്കുകളിലാണ്. 13-ാം റാങ്കിലുള്ള അജയ്ജയ്റാമിനാണ് ഇന്ത്യൻ താരങ്ങളിൽ ഉയർന്ന സ്ഥാനം.

ബഗാന് തോൽവി

കൊൽക്കത്ത : എ.എഫ്.സി കപ്പ് ഗ്രൂപ്പ് ഇ ഫുട്ബാൾ മത്സരത്തിൽ ഇന്ത്യൻ ക്ലബ് മോഹൻ ബഗാന് മാലിദ്വീപ്പ് ക്ലബ് മാസിയ എസ്.ആർ. സിയോട് തോൽവി. 34-ാം മിനിട്ടിൽ മുഹമ്മദ് ഉമർനേടിയ ഗോളിനാണ് മാസിയ ബഗാനെ കീഴടക്കിയത്. 86-ാം മിനിട്ടിൽ മാസിയ യുടെ മിലോസ്കൊവാസെവിച്ച്രണ്ടാംമഞ്ഞക്കാർഡ്കണ്ട്പുറത്തായി. ഈതോൽവിയോടെ ബഗാൻ നാലുപേരടങ്ങുന്ന ഗ്രൂപ്പിൽമൂന്നാമതായി.

സ്റ്റാർക്ക് ചാമ്പ്യൻസ് ട്രോഫിക്ക്

മെൽബൺ : ജൂണിൽ ഇംഗ്ലണ്ടിൽ നടക്കുന്ന ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ടൂർണമെന്റിനുള്ള 15 അംഗ ആസ്ട്രേലിയൻ ടീമിൽ പേസർ മിച്ചൽ സ്റ്റാർക്കിനെ ഉൾപ്പെടുത്തി. ഇന്ത്യയ്ക്കെതിരായ ടെസ്റ്റ് പരമ്പരയ്ക്കിടെ പരിക്കേറ്റ സ്റ്റാർക്ക് വിശ്രമത്തിലാണിപ്പോൾ. സ്റ്റീവൻസ്മിത്ത് നയിക്കുന്ന ടീമിൽ വാർണർ, കമ്മിൻസ്, ഫിഞ്ച്, മാക്സ്വെൽ, ക്രിസ്‌ലിൻ തുടങ്ങിയ പ്രമുഖർ ഉണ്ട്.

നദാലിന് വിജയം

പാരീസ് : മോണ്ടി കോർലോ മാസ്റ്റേഴ്സ് ടെന്നിസ് ടൂർണമെന്റിൽ നദാലിന് വിജയത്തുടക്കം. ഒൻപതുതവണ ഇവിടെ ചാമ്പ്യനായിട്ടുള്ള നദാൽ ഇന്നലെ ബ്രിട്ടന്റെ കൈൽ എഡ്മണ്ടിനെ 6-0, 5-7, 6-3നാണ് തോൽപ്പിച്ചത്.

ആനന്ദ് മൂന്നാമത്

ചെന്നൈ : മുൻ ലോക ചാമ്പ്യൻ വിശ്വനാഥൻ ആനന്ദ്സൂറിച്ചിൽ നടന്ന കൊഷ്നോയ്ചെസ് ചലഞ്ചിൽ മൂന്നാം സ്ഥാനത്ത് ഫിനിഷ് ചെയ്തു. അമേരിക്കയുടെ ഹിക്കാരു നക്കാമുറയാണ് ഒന്നാമതെത്തിയത്.

അഭിലാഷ് ഏഷ്യ പസഫിക് റാലിക്ക്

കൊച്ചി: 2016ലെ ഇന്ത്യൻ റാലി ചാമ്പ്യന്മാരായ മലയാളി പി. ജി. അഭിലാഷും (ഡ്രൈവർ) കർണാടക സ്വദേശി ശ്രീകാന്ത് ഗൗഡയും (നാവിഗേറ്റർ) എഫ്.ഐ.എ ഏഷ്യ പസിഫിക് റാലി ചാമ്പ്യൻഷിപിൽ പങ്കെടുക്കുന്നു. പ്രൊഡക്ഷൻ ക്ലാസ് വിഭാഗത്തിൽ ആർ 3 എ പി.ജി.എ മോട്ടോർസ്പോർട്സിനുവേണ്ടിയാണ് ഇരുവരും മത്സരിക്കുന്നത്.

■ വോളി അസോസിയേഷൻ തിരഞ്ഞെടുപ്പ്

കടലാസ് ക്ലബുകൾ പൂക്കുന്ന കാലം

● സംഘടന പിടിക്കാൻ ഇല്ലാത്ത ക്ലബുകൾ സൃഷ്ടിക്കുന്നതായി വോളി താരങ്ങളുടെ ആരോപണം

◗ അൻസാർ എസ്. രാജ്

തിരുവനന്തപുരം : സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിരിക്കുന്ന കേരള വോളിബാൾ അസോസിയേഷനിലെ നിലവിലെ ഭാരവാഹികൾ അടുത്ത മാസം നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ അധികാരം നിലനിറുത്താൻ വേണ്ടി പേപ്പർ ക്ലബുകൾ സൃഷ്ടിച്ച് വോട്ടവകാശം തങ്ങൾക്ക് വേണ്ടപ്പെട്ടവർക്ക് നൽകുന്നതായി ആരോപണം.

അഴിമതി ആരോപണങ്ങളിൽ കുടുങ്ങിയ അസോസിയേഷന്റെ നേതൃസ്ഥാനത്ത്സെക്രട്ടറിയായ നാലകത്ത്ബഷീറിന്തുടരാൻ വേണ്ടിയാണ് നിലവിലുള്ള ക്ലബുകളെ ഒഴിവാക്കി പേപ്പർ ക്ലബുകൾക്ക് അംഗീകാരം നൽകുന്നതെന്ന് അടുത്തിടെ വോളിബാൾ താരങ്ങൾ ചേർന്ന് രൂപീകരിച്ച വോളി സൗഹൃദ കൂട്ടായ്മ ആരോപിക്കുന്നു. വോളി സൗഹൃദ കൂട്ടായ്മ രൂപീകരണ യോഗത്തിൽ പങ്കെടുത്തവരുടെക്ലബുകളെകാരണംകൂടാതെവോട്ടേഴ്സ് ലിസ്റ്റിൽ നിന്ന് വെട്ടിമാറ്റിയിട്ടുമുണ്ട്. ഇതിനെതിരെകോടതിയെസമീപിക്കാൻ ഒരുങ്ങുകയാണ് സൗഹൃദ കൂട്ടായ്മ.

കേരളത്തിലെവോളിബാളിന്റെഅംഗീകൃത സംഘടനയായി തങ്ങളെ കണക്കാക്കണമെന്ന് ആവശ്യപ്പെട്ട് വോളി സൗഹൃദ കൂട്ടായ്മ സ്പോർട്സ് കൗൺസിലിന് കത്തു നൽകിയിരുന്നു. ഇതിന് അനുകൂല തീരുമാനമുണ്ടാകാത്തതിനാൽ നിലവിൽ അംഗീകാരമുള്ള സംഘടനയിൽ ജനാധിപത്യ രീതിയിൽ തിരഞ്ഞെടുപ്പിനെ നേരിട്ട് അധികാരത്തിലെത്താനുള്ള കളിക്കാരുടെനീക്കത്തിനാണ് പേപ്പർ ക്ലബുകൾകൊണ്ട് തടയിടാൻ ശ്രമിക്കുന്നത്. ഇതിന് സ്പോർട്സ്കൗൺസിലിലെ ചിലരുടെ ഒത്താശയുള്ളതായും ആരോപണമുണ്ട്.

ജില്ലാ അസോസിയേഷനുകളിലേക്കുള്ള തിരഞ്ഞെടുപ്പ് മേയ് ആദ്യവാരം പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതിന് പുറത്തിറക്കിയ വോട്ടേഴ്സ് ലിസ്റ്റിലാണ് വ്യാപക തിരിമറി. ഓരോ ജില്ലയിലും നാല്പതോളം ക്ലബുകളുടെ ലിസ്റ്റാണ് പുറത്തിറക്കിയിരിക്കുന്നത്. ഇതിൽ പലതും ആരും കേട്ടിട്ടില്ലാത്ത ക്ലബാണ്. ഇടുക്കി ജില്ലയിലെ കുടയത്തൂർ പഞ്ചായത്തിൽ മാത്രം നിരവധി ക്ലബുകൾക്ക് വോട്ടവകാശം നൽകിയിട്ടുണ്ട്. എന്നാൽ, ഈ പഞ്ചായത്തിൽ നാലേ നാല് ക്ലബുകളിലെ ദൈനംദിന പരിശീലനം നടക്കുന്നുള്ളൂ എന്ന് പഞ്ചായത്ത് പ്രസിഡന്റ് രേഖാമൂലം അറിയിച്ചിട്ടുണ്ട്. കാഞ്ഞാറിലും അഞ്ച് പേപ്പർ ക്ലബുകളുണ്ടെന്നാണ് ആരോപണം. അതേസമയം, കഴിഞ്ഞ നാല് വർഷവും ജില്ലാ ചാമ്പ്യൻഷിപ്പ് കളി വിജിലന്റ് ക്ലബിനെ ഒഴിവാക്കുകയും ചെയ്തു.

നാലകത്ത് ബഷീറിനെതിരായ വിജിലൻസ് അന്വേഷണത്തിന്റെയും നേരത്തേയുള്ള കൗൺസിൽ അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സംഘടനയുടെ അംഗീകാരം റദ്ദാക്കാൻ സംസ്ഥാന സ്പോർട്സ്കൗൺസിൽ ഇതുവരെ തയ്യാറായിട്ടില്ല. ഇതിനെതിരെ കൗൺസിൽ അഡ്ഹോക് കമ്മിറ്റി വൈസ് പ്രസിഡന്റ് വിജിലൻസ് കേസിലെ ഒന്നാംപ്രതിയായതിനാൽ വോളി അസോസിയേഷൻ സെക്രട്ടറിക്കെതിരെ ഇതേമാനദണ്ഡത്തിൽ നടപടിയെടുത്താൽ സ്വയം പാരയായി മാറുമെന്ന് തിരിച്ചറിഞ്ഞ് നടപടികൾ കൗൺസിൽ പൂക്കുകയായിരുന്നു. ബഷീറിനെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് അസോസിയേഷൻ പ്രസിഡന്റിന് ഒരു കത്തയച്ചതിൽ ഒതുങ്ങി സ്പോർട്സ് കൗൺസിലിന്റെ നടപടി. ഈ കത്തിന് മാസം ഒന്ന കഴിഞ്ഞിട്ടും മറുപടി ലഭിച്ചിട്ടുമില്ല. നാലകത്ത് ബഷീറിനെതിരെ നടപടി എടുക്കാതിരിക്കാൻ കൗൺസിലിന് മേൽ കനത്ത രാഷ്ട്രീയ സമ്മർദ്ദമുണ്ടെന്നും അറിയുന്നു.

- അഴിമതി ആരോപണങ്ങളിൽ കുടുങ്ങിയ നാലകത്ത് ബഷീറിന് അധികാരത്തിൽ തുടരാൻ ജില്ലാതലത്തിൽ പേപ്പർ ക്ലബുകൾക്ക് അംഗീകാരം നൽകുന്നു
- വോളിബാൾ താരങ്ങളുടെ വോളി സൗഹൃദ കൂട്ടായ്മ രൂപീകരണ യോഗത്തിൽ പങ്കെടുത്തവരുടെ ക്ലബുകളെ കാരണം കൂടാതെ വോട്ടേഴ്സ് ലിസ്റ്റിൽ നിന്ന് വെട്ടിമാറ്റുന്നു

അംലയുടെ സെഞ്ച്വറിക്കും പഞ്ചാബിനെ രക്ഷിക്കാനായില്ല

ഇൻഡോർ: ഹാഷിം അംല സെഞ്ച്വറിയുമായിമിന്നിത്തിളങ്ങിയിട്ടുംഇന്നലെനടന്നഐ.പി.എൽ മത്സരത്തിൽ മുംബയ് ഇന്ത്യൻസിനെതിരെ പഞ്ചാബ് കിംഗ്സ് ഇലവന് 8 വിക്കറ്റിന്റെതോൽവി.

ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനിറങ്ങിയ പഞ്ചാബ് കിംഗ്സ് ഇലവൻ അംലയുടെ അപരാജിത സെഞ്ച്വറിയുടെ(104) മികവിൽ 20 ഓവറിൽ 198/4 എന്നസ്കോറുയർത്തി.

മറുപടിക്കിറങ്ങിയ മുംബയ് 15.3 ഓവറിൽ 2 വിക്കറ്റ് മാത്രം നഷ്ടപ്പെടുത്തിവിജയലക്ഷ്യത്തിലെത്തി (199/2). ബാറ്റിംഗിനിറങ്ങിയ ജോസ് ബട്ട്ലർ (37 പന്തിൽ 77), നിതിഷ് റാണ (പുറത്താകാതെ 34 പന്തിൽ 62), പാർത്ഥിവ് പട്ടേൽ (18 പന്തിൽ 37), ഹാർദ്ദിക് പാണ്ഡ്യ (4 പന്തിൽ 15) എന്നിവരെല്ലാം പഞ്ചാബ് ബൗളർമാരെ നിർദയമായി നേരിട്ടതോടെ മുംബയുടെ ജയം എളുപ്പമാകുകയായിരുന്നു. പഞ്ചാബ് ബൗളർമാരിൽ ഇശാന്ത് ശർമ്മയാണ് ഏറ്റവും കൂടുതൽ അടിവാങ്ങിയത്. 4 ഓവറിൽ 58 റൺസാണ്ഇശാന്ത്വിട്ടുകൊടുത്തത്.

നേരത്തേ അംലയ്ക്കൊപ്പം നായകൻ ഗ്ലെൻ മാക്സ്വെല്ലിന്റെയും (40) മികച്ച ബാറ്റിംഗാണ് പഞ്ചാബിനെ ഭേദപ്പെട്ട സ്കോറിലേക്ക് നയിച്ചത്. ഷോൺ മാർഷും (26) അംലയും ചേർന്ന് ഓഷണിംഗിൽ 35 പന്തിൽ 46 റൺസ് കൂട്ടിച്ചേർത്തു. മക്‌ലെനാഗൻ മുംബയ്ക്കായി 2 വിക്കറ്റ് വീഴ്ത്തി.

ഇന്നത്തെ മത്സരം : കൊൽക്കത്ത Vs ഗുജറാത്ത്

സ്വന്തം മണ്ണിലെ 'സൂര്യോദയം'

- ഐ.പി.എല്ലിൽ കഴിഞ്ഞ രാത്രി ഡൽഹിക്കെതിരെ സൺറൈസേഴ്സ് ഹൈദരാബാദ് നേടിയത് തങ്ങളുടെ ഈ സീസണിലെ നാലാം വിജയം.
- ഈ നാല് വിജയങ്ങളും ഹൈദരാബാദ് നേടിയത് തങ്ങളുടെ ഹോംഗ്രൗണ്ടിലാണ്.
- ഡൽഹിയെ 15 റൺസിനാണ് വാർണറും സംഘവും കീഴടക്കിയത്.
- ടോസ്നേടിആദ്യബാറ്റിംഗിനിറങ്ങിയസൺറൈസേഴ്സ് നിശ്ചിത 20 ഓവറിൽ 191/4 എന്ന സ്കോർ ഉയർത്തി.
- വാർണർ (4) രണ്ടാം ഓവറിൽ പുറത്തായശേഷം രണ്ടാം വിക്കറ്റിൽ 136 റൺസ് കൂട്ടിച്ചേർത്ത ധവാനും (70), കേൻവില്യംസണും (89) നേടിയ അർദ്ധ സെഞ്ച്വറികളാണ് ഹൈദരാബാദിന് തുണയായത്.
- മറുപടിക്കിറങ്ങിയ ഡൽഹിക്ക് 20 ഓവറിൽ 176/5 എന്ന സ്കോറിലെ എത്താനായുള്ളൂ.
- സഞ്ജു (42), കരുൺ (33), ശ്രേയസ് (50 നോട്ടൗട്ട്), ഏഞ്ചലോ (31) എന്നിവർ പൊരുതിയിട്ടും ഫലമുണ്ടായില്ല.

ക്രിസ് മോറിസും കേൻ വില്യംസണും മത്സരശേഷം

ഐ.പി.എൽ പോയിന്റ് പട്ടിക

(ക്ലബ്, ജയം, തോൽവി, പോയിന്റ് എന്ന ക്രമത്തിൽ)

കൊൽക്കത്ത 5-4-1-8	പഞ്ചാബ് 5-2-3-4
ഹൈദരാബാദ് 6-4-2-8	ബാംഗ്ലൂർ 6-2-4-4
മുംബയ് 5-4-1-8	പൂനെ 5-2-3-4
ഡൽഹി 5-2-3-4	ഗുജറാത്ത് 5-1-4-2

ബാറ്റിംഗ് ടോപ് 5

(ബാറ്റ്സ്മാൻ, ക്ലബ്, റൺസ്)

വാർണർ (ഹൈദരാ.)-239
മക്കുല്ലം (ഗുജറാത്ത്)-225
മനീഷ് (കൊൽക്കത്ത) - 221
സഞ്ജു (ഡൽഹി) - 215
ധവാൻ (ഹൈദരാബാദ്) -205

ബൗളിംഗ് ടോപ് 5

(ബൗളർ, ക്ലബ്, വിക്കറ്റ്)

ഭുവനേശ്വർ (ഹൈദ.)-15
മോറിസ് (ഡൽഹി) -12
റാഷിദ് (ഹൈദരാബാദ്) -9
ഇമ്രാൻ താഹിർ (പൂനെ) -8
ആൻഡ്രൂ ടൈ (ഗുജറാത്ത്) -7